"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാങ്കേതിക വിദ്യാഭ്യാസം- എം. ടെക് (സായാഹ്ന പ്രവേശനം) -2020- GATE സ്കോർ നേടാത്ത AMIE/AMIETE ബിരുദക്കാരെ ഉൾപ്പെടുത്തിയ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ്വ് പുറപ്പെടുവിക്കുന്നു.

ഉന്നതവിദ്യാഭ്യാസ (ജി) വകുപ്പ്

G.O.(Rt)No.582/2021/HEDN തീയതി,തിരുവനന്തപുരം, 09/04/2021

പരാമർശം:- 1 G.O(Ms):No.307/2020/HEDN dated. 03.09.2020

2 സാങ്കതിക വിദ്യാഭ്യാസ ഡയറക്ടറുടെ 02.03.2021 ലെ ടി2/21973/20/ഡിറ്റിഇ നമ്പർ കത്ത്.

ഉത്തരവ്

സൂചന (1) പ്രകാരം, 2020-21 വർഷത്തെ അംഗീകരിച്ച എം. ടെക് സായാഹ്ന പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് പ്രകാരം എം. ടെക് പ്രവേശനത്തിന് അതാത് ബ്രാഞ്ചിൽ GATE സ്കോർ ഏർപ്പെടുത്തിയിരുന്നു. എന്നാൽ, 25.06.2016 ൽ കേരള സാങ്കേതിക സർവ്വകലാശാല പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനത്തിൽ AMIE/AMIETE കഴിഞ്ഞവർക്ക് എം. ടെക് ഈവനിംഗ് അഡ്മിഷന് GATE സ്കോർ വേണമെന്നുള്ള നിബന്ധന ഒഴിവാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ വർഷത്തെ എം. ടെക് ഈവനിംഗ് അഡ്മിഷന് GATE സ്കോർ നേടാത്ത AMIE/AMIETE ബിരുദക്കാരെ കൂടി ഉൾപ്പെടുത്തുകയും , പ്രസ്തുത നടപടി സാധൂകരിച്ച് നൽകണമെന്ന് സാങ്കതിക വിദ്യാഭ്യാസ ഡയറക്ടർ സൂചന(2) പ്രകാരം സർക്കാരിൽ നിർദ്ദേശം സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, 2020-21 വർഷത്തെ എം. ടെക് സായാഹ്ന പ്രവേശനത്തിന് GATE സ്കോർ നേടാത്ത AMIE/AMIETE ബിരുദക്കാരെ കൂടി ഉൾപ്പെടുത്തിയ സാങ്കതിക വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ്വ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

C AJAYAN

ADDITIONAL SECRETARY

പകർപ്പ്

സാങ്കതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

രജിസ്ട്രാർ, എ പി ജെ അബ്ദുൾകലാം കേരള സാങ്കേതിക സർവ്വകലാശാല, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

www.highereducation.kerala.gov.in.

കരുതൽ ശേഖരം/ കാര്യാലയ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ